VOL 2 ISSUE 1 | NOVEMBER 2018 apcconvoice@gmail.com | www.apccon.com Private Circulation Only

# APCCON VOICE

FREE
Circulation strictly for Christian Churches only

THE OFFICIAL NEWSLETTER OF ABU DHABI PENTECOSTAL CHURCHES CONGREGATION

### പ്രതിസന്ധികളിൽ ഐക്യതയോടെ മുന്നേറുക എന്ന ആഹ്വാനത്തോടെ

## അപ്കോൺ സംയുക്താരാധനയ്ക്ക് സമാപനം



*അപ്കോൺ സംയുക്താരാധനയിൽ പാസ്റ്റർ ജേക്കബ് മാത്യു പ്രസംഗിക്കുന്നു*

**അബുദാബി •** അബുദാബിയിലെ പെന്തെക്കോസ്ത് സഭകളുടെ കൂട്ടായ്മയായ അബുദാബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷന്റെ (APCCON) സംയുക്ത ആരാധനാ നവംബർ 2- നു വെള്ളിയാഴ്ച രാത്രി 7:30 മുതൽ 10:30 വരെ അബുദാബി സെന്റ് ആൻഡ്രൂസ് ചർച്ച് കമ്മ്യൂണിറ്റി ഹാളിൽ നടന്നു.

പാസ്റ്റർ ജോർജ്ജ് രാജൻ പ്രാർത്ഥിച്ചാരംഭിച്ച മീറ്റിംഗിൽ പാസ്റ്റർ ഒ.പി ബാബു അധ്യക്ഷനായിരുന്നു. പാസ്റ്റർ എം.ജെ.ഡൊമിനിക് സങ്കീർത്തന ശുശ്രുഷയ്ക്കും അപ്കോൺ പ്രസിഡന്റ് പാസ്റ്റർ ബെന്നി പി. ജോൺ കർത്തൃമേശ ശുശ്രുഷയ്ക്കും നേതൃത്വം നൽകി.

അപ്കോൺ ക്വയർ ഗാനശുശ്രൂഷ നിർവഹിച്ചു. പാസ്റ്റർ ജേക്കബ് മാത്യു, ഒർലാണ്ടോ മുഖ്യ പ്രസംഗകനായിരുന്നു. അപ്കോൺ ജോയിന്റ് സെക്രട്ടറി ജോൺസി കടമ്മനിട്ട സ്വാഗതവും അപ്കോൺ സെക്രട്ടറി സാംസക്കറിയ ഈപ്പൻ കൃതജ്ഞതയും രേഖപ്പെടുത്തി.

അംഗത്വ സഭകളിൽ നിന്നും പുറത്തുനിന്നും നിരവധി വിശ്വാസികളും ദൈവദാസന്മാരും സംയുക്ത ആരാധനയിൽ പങ്കെടുത്തു. അപ്കോൺ വൈസ് പ്രസിഡന്റ് പാസ്റ്റർ ജേക്കബ് സാമുവേൽ സമാപന പ്രാർത്ഥന നടത്തി.

## അപ്കോൺ വോയിസ് പ്രത്യേക പതിപ്പ് പുറത്തിറക്കി



*പാസ്റ്റർ ജേക്കബ് മാത്യു അപ്കോൺ വോയ്സ് പ്രത്യേക പതിപ്പ് പ്രാർത്ഥിച്ച് വിതരണത്തിനേൽപ്പിക്കുന്നു. ചീഫ് എഡിറ്റർ ജോൺസി കടമ്മനിട്ട, എഡിറ്റേഴ്സ് പാസ്റ്റർ എം.ജെ.ഡൊമിനിക്ക്, റെനു അലക്സ് എന്നിവർ സമീപം.*

**അബുദാബി •** അബുദാബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷന്റെ മുഖപത്രമായ അപ്കോൺ വോയിസ് ഒരുവർഷം പൂർത്തിയാക്കിയതിനോടനുബന്ധിച്ച് പുറത്തിറക്കിയ പ്രത്യേക പതിപ്പ് നവംബർ രണ്ടിന് അബുദാബി സെന്റ് ആൻഡ്രൂസ് കമ്മ്യൂണിറ്റി ഹാളിൽ നടന്ന അപ്കോൺ പൊതു ആരാധനയിൽ അപ്കോൺ പ്രസിഡന്റ് പാസ്റ്റർ ബെന്നി പി. ജോൺ ചീഫ് ഗസ്റ്റ് പാസ്റ്റർ ജേക്കബ് മാത്യു (ഒർലാണ്ടോ,യൂഎസ്എ) വിനു നൽകി വിതരണം ആരംഭിച്ചു. വളരെ ചുരുങ്ങിയ സമയംകൊണ്ടു തന്നെ ജനമനസ്സുകളിൽ സ്ഥാനംപിടിക്കുവാൻ അപ്കോൺ വോയ്സിന് സാധിച്ചു എന്നുള്ളത് വലിയ ഒരു നേട്ടം തന്നെയാണ്. ബ്രദർ ജോൺസി കടമ്മനിട്ട ചീഫ് എഡിറ്ററായും പാസ്റ്റർ എം.ജെ. ഡൊമിനിക്, ബ്രദർ റെനു അലക്സ് എന്നിവർ എഡിറ്റേഴ്സ് ആയും അപ്കോൺ വോയ്സിന് നേതൃത്വം നൽകുന്നു.

**GUEST COLUMN**



**ഷൈജു തോമസ്**
**ഞാറയ്ക്കൽ**

## ഇത് അന്ത്യനാളുകളോ; ക്രിസ്തുവിന്റെ മടങ്ങിവരവിന് സമയം സമാഗതമായോ?

തുടർച്ച

### പ്രകൃതിയിലെ ലക്ഷണം

ഈ പ്രകൃതിയുമായി ബന്ധപ്പെട്ട് അനേക ലക്ഷണങ്ങൾ വേദപുസ്തകത്തിലുണ്ട്. അതിന്റെ പൂർത്തീകരണം നമുക്കു കാണാൻ കഴിയുന്നു. മനുഷ്യന്റെ വിവേചനരഹിതമായ പ്രവൃത്തികൾ പരിസ്ഥിതിയുടെ സന്തുലനത്തിനു ദോഷമുണ്ടാക്കുന്നു. ഇത് മനുഷ്യന്റെ നിലനിൽപ്പിനു തന്നെ ഭീഷണിയാകുന്നു. അനേകം ജീവികൾ ഒരുമിച്ചു വസിക്കുന്ന മനോഹരസ്ഥലമാണ് നമ്മുടെ ഭൂമി. ജീവനുള്ളവയെയും ജീവനില്ലാത്തവയെയും ഒരുപോലെ സംരക്ഷിക്കേണ്ടത് നിലനിൽപ്പിന് അത്യാവശ്യമാണ്. സൂര്യനില്ലാതെ ഒരു ദിവസംപോലും നമുക്കു ജീവിക്കാൻ പറ്റാത്ത അവസ്ഥയാണ്. എന്നാൽ സൂര്യൻ ഇപ്പോൾ ഭൂമിക്ക് ഭീഷണി ഉയർത്തുന്നുവെന്നാണ് പഠനങ്ങൾ. സൂര്യന്റെ ക്രമാതീതമായ ചൂടാണ് പുതിയ അപകടാവസ്ഥ സൃഷ്ടിക്കുന്നത്. ഒരു വൻദുരന്തത്തിനു തന്നെ ഇതു വഴിവെക്കുന്നു. സൂര്യന്റെ ഉഗ്രമായ ചൂട് മൂലമുണ്ടാകുന്ന തീക്കാറ്റ് ഭൂമിയിൽ വൈദ്യുതി പ്രവാഹത്തിനു കാരണമാകുന്നു എന്നാണ് ഗവേഷകർ വ്യക്തമാക്കുന്നത്. വൈദ്യുതി ലൈനുകൾക്ക് തകരാറുകൾ സംഭവിക്കാൻ ഇതു കാരണമാകുമെന്നും പഠനം. സോളാർ മാക്സ് എന്ന അന്താരാഷ്ട്ര സംഘടനയുടെ പ്രവർത്തകനായ ആഷ്‌ലിഡേലാണ് സൂര്യനിലെ ചൂട് ഭൂമിക്ക് ഭീഷണിയായി മാറുന്നുവെന്ന കണ്ടെത്തൽ നടത്തിയത്. സൂര്യാഘാതത്തിന്റെ ഭവിഷത്തുകൾ നിയന്ത്രിക്കാനുള്ള

ശേഷം പേജ് 5–ൽ ▶▶

**058- 9239629**
**APCCON WHATSAPP NO.**

MAIL US:
apcconvoice@gmail.com

- **അപ്കോൺ വോയ്സ് Digital version (PDF) ആവശ്യമുള്ളവർ APCCON Whatsapp നമ്പറിൽ ബന്ധപ്പെടുക.**
- **നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങളും APCCON Whatsapp Number -ൽ അയക്കാവുന്നതാണ്.**

APCCON VOICE

EDITORIAL BOARD

**Advisory Board:**
Pr. Benny P. John
Pr. Jacob Samuel
Br. Sam Zachariah Eapen

**Cheif Editor:**
Br. Johncy Kadammanitta

**Editors:**
Pr. M.J. Dominic
Br. Renu Alex

**Circulation Manager:**
Br. Sabu

**Area Coordinators/ Reporters**
Br. M.J. Baiju
Br. Renju Moses
Br. Joyal
Br. Blesson G. Sam
Br. Vinod Editar
Br. Samkutty Yohannan
Br. Antony
Br. Shinu John
Br. Justin
Br. Ashish Philip
Br. Eldhose

## EDITORIAL



# ദൈവസന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരുമാകുക



**ജോൺസി കടമ്മനിട്ട**
**ചീഫ് എഡിറ്റർ**

> **നാം ഫലം കായ്ക്കേണ്ടതിന് തിരഞ്ഞെടുക്കപ്പെട്ടവരായിരിക്കുമ്പോൾ നമ്മിൽ നിന്നും മറ്റുള്ളവർക്കു പ്രയോജനകരമായ, അനുഗ്രഹകരമായ ഫലങ്ങൾ പുറപ്പെടുവിക്കുന്നവരായിത്തീരണം.**

അപ്കോൺ വോയ്സിന്റെ എല്ലാ മാന്യവായനക്കാർക്കും സ്നേഹവന്ദനം.

സങ്കീ.65:4-ൽ, ദൈവം തിരഞ്ഞെടുത്ത് അടുപ്പിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ എന്നു വായിക്കുന്നു. പ്രിയരെ, ദൈവം നമ്മെ തിരഞ്ഞെടുത്ത് തന്റെ മക്കളും അവകാശികളുമാക്കിത്തീർത്തത് ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. നമ്മെക്കാൾ കഴിവും വിദ്യാഭ്യാസവുമുള്ളവർ, സമ്പത്തുള്ളവർ, ബലവാന്മാർ ഒക്കെ ഉണ്ടായിരുന്നിട്ടും ദൈവം അവരെ ആരെയും തിരഞ്ഞെടുക്കാതെ നമ്മെ തിരഞ്ഞെടുക്കുവാൻ കൃപ ചെയ്തു. എഫെസ്യലേഖനത്തിൽ, ദൈവം നമ്മെ ലോകസ്ഥാപനത്തിനു മുമ്പേ തിരഞ്ഞെടുത്തതായി കാണുന്നു. പാപത്തിന് അധീനമായിത്തീർന്ന നമ്മെ ദൈവം തന്റെ സ്വന്തപുത്രനെ യാഗമായി നൽകി, അവൻ സ്വന്തജനമായി തിരഞ്ഞെടുത്തു. ഇത്രയേറെ നമ്മെ സ്നേഹിച്ച് തിരഞ്ഞെടുത്തത് എന്തിനുവേണ്ടിയാണ്?

''നാം അവന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന് നമ്മെ തിരഞ്ഞെടുത്തു''(എഫെ.1:4). അപ്പോൾ നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യം നാം വിശുദ്ധരായിരിക്കണം, നിഷ്കളങ്കരായിരിക്കണം എന്നാണ്. പ്രിയരെ, നാം എങ്ങനെ ആയിരിക്കുന്നു. നമ്മുടെ നടപ്പ്, നമ്മുടെ ചെയ്തികൾ എല്ലാം ദൈവത്തിന്റെ മുമ്പാകെ എപ്രകാരമായിരിക്കുന്നു. ഈ ലോകത്തിന് അനുരൂപരാകരുത് (റോമ.12:2). മറ്റുള്ളവരെ കുറ്റംവിധിക്കാതെ നമ്മെത്തന്നെ ശോധന ചെയ്തു നോക്കാം നാം എപ്രകാരമായിരിക്കുന്നു.

''നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിനും നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിനുമായി തിരഞ്ഞെടുത്തിരിക്കുന്നു'' (യോഹ.15:16). നാം ഫലം കായ്ക്കേണ്ടതിന് തിരഞ്ഞെടുക്കപ്പെട്ടവരായിരിക്കുമ്പോൾ നമ്മിൽ നിന്നും മറ്റുള്ളവർക്കു പ്രയോജനകരമായ, അനുഗ്രഹകരമായ ഫലങ്ങൾ പുറപ്പെടുവിക്കുന്നവരായിത്തീരണം. നമ്മെ വിളിച്ച വിശുദ്ധനൊത്തവണ്ണം എല്ലാ നടപ്പിലും വിശുദ്ധരായി സത്ഫലങ്ങൾ പുറപ്പെടുവിച്ചു കൊണ്ട് ദൈവീക തിരഞ്ഞെടുപ്പിനൊത്തവണ്ണം നിഷ്കളങ്കരായി ജീവിക്കുവാൻ ഓരോ വായനക്കാരെയും ദൈവം പ്രാപ്തരാക്കട്ടെ.

GILGAL BIBLICAL SEMINARY
Accredited by Asia Theological Association [ATA]
& COG Level Grade IV [USA]

The first Biblical Seminary in Middle East
with academic excellency and ATA accreditation

**Academic & Admission**

Diploma in Theology [Dip. Th] (Malayalam)
Bachelor of Theology [ B.Th] (English & Malayalam)
Master of Divinity [M.Div] (English & Malayalam)
Master of Theology [M.Th] (English)
(Attached to ACTS Academy, India)

New Semester Begining

Regular Classes at:
Sharjah,
Dubai,
Abu Dhabi,
Al Ain &
Ras Al Khaimah

Regular Classes at Evangelical Church Center Abu Dhabi, Room No.9
Monday & Tuesday (08.00 to 10.00 PM) - For English Batch

For more Information
Dr. K.O. Mathew, Director 00 971 50 6463177 | Fax : 00971 6 5566436
Br. Shaji Mathew, 00 971 50 4427571 | 055 1020565 (Abu Dhabi)
Email: gilgalcollegeuae@yahoo.com | gbsabudhabi@gmail.com
komathew2000@yahoo.com | www.gbsasia.com



For Private Circulation only - Not for sale



റെനു അലക്സ്



# ഛിദ്ര ശക്തികളെ തിരിച്ചറിയുക

ദൈവീക പ്രവർത്തനങ്ങൾക്ക് തുരങ്കംവയ്ക്കുവാൻ സാത്താൻ എന്നും പുത്തൻ പദ്ധതികൾ പരീക്ഷിച്ചിരുന്നു. ദൈവാധിപത്യത്തിൽ ആയിരുന്ന ആദം ഹവ്വ ദമ്പതികളുടെ ദൈവീക സംസർഗ്ഗം ഇല്ലാതാക്കിയതും പറുദീസയിൽ നിന്ന് അവരെ പുറത്താക്കിയതും തന്ത്രശാലിയായ സാത്താന്റെ കുതന്ത്രങ്ങൾ ആയിരുന്നു. എല്ലാദിവസവും വെയിലാറിയശേഷം ആദാമും ഹവ്വയും ദൈവവുമായുള്ള കൂട്ടായ്മ ഏദനിൽ തുടർന്നിരുന്നു. തോട്ടത്തിലേക്കുള്ള ദൈവീക ആഗമനം സൂര്യകിരണങ്ങൾ പടിഞ്ഞാറെ ചക്രവാളത്തിൽ പാതിമറയും നേരമായിരുന്നു. കരിയിലകൾ അമരുന്നതോ ദൈവീക കാൽപെരുമാറ്റമോ കാതുകളിൽ കേട്ടാൽ അവർ ഓടി അടുക്കുക പതിവായിരുന്നു. ദൈവീക സന്ദർശനം വെയിലാറിയശേഷം ആകാനുള്ള കാരണം നാം പരിശോധിച്ചാൽ വലിയൊരു സത്യം വെളിവാകും. വെയിൽ ആറിയാൽ പിന്നെ പകൽ മാറും. പകൽ മാറിയാൽ പിന്നെ ഇരുൾ മൂടും. ഇരുട്ടിന്റെ മറപറ്റി സാത്താൻ തോട്ടത്തിൽ എത്തും എന്നത് തള്ളിക്കളയാൻ കഴിയില്ല. കൂരിരുട്ടിന്റെ മറവിൽ ക്രൂര അമ്പ് തൊടുക്കാൻ സാത്താൻ പതുങ്ങും മുമ്പ് പകൽവെളിച്ചത്തിന്റെ ഒരു ദൈവീക കൂട്ടായ്മ അതായിരുന്നു ദൈവം ആഗ്രഹിച്ചത്. ഇന്നത്തെ പെന്തെക്കോസ്തുകാർക്ക് ആഴ്ചയിൽ ഒരു ആരാധന ആണെങ്കിൽ ഏദന്യ സഭയിൽ എല്ലാ സന്ധ്യയിലും ദൈവാരാധന മുടങ്ങിയിരുന്നില്ല. ദിനംതോറുമുള്ള ദൈവീകബന്ധത്തിന്റെ ഇടയിലും സാത്താന്യതന്ത്രം ഏദനിൽ ഫലപ്രദമായെങ്കിൽ ആധുനിക വിശുദ്ധന്മാർ എത്രയോ ഉണരേണ്ടിയിരിക്കുന്നു. അതുകൊണ്ടാണ് പൗലൊസ് നമ്മെ പ്രബോധിപ്പിക്കുന്നത്, "സാത്താൻ നമ്മെ തോല്പിക്കരുത്; അവന്റെ തന്ത്രങ്ങൾ നാം അറിയാത്തവർ അല്ലല്ലോ" (2 കൊരി. 2:11).

ഇവിടെ സംഭവിച്ചത്; ദൈവത്തിൽ നിന്നും അകന്ന്, ഭർത്താവിൽ നിന്നും മാറി ഹവ്വ സഞ്ചരിച്ചു തോട്ടത്തിന്റെ നടുവിലെത്തി. പാമ്പിന്റെ രൂപത്തിൽ മരചാർത്തിൽ പതിയിരുന്ന സാത്താൻ ഹവ്വയുമായി സംസാരിക്കുന്നു. ദൈവീക ബന്ധത്തിൽ നിന്നും അകന്ന ഹവ്വ സാത്താനുമായി സമയം ചിലവഴിച്ചപ്പോൾ അതുവരെ ഉണ്ടായിരുന്ന അവളുടെ കാഴ്ചപ്പാട് പാടെ മാറി. ഒരിക്കലും തോന്നാത്ത ചില തോന്നലുകൾ അവൾക്കുണ്ടാകുന്നു. "ആ വൃക്ഷത്തിലെ ഫലം തിന്മാൻ നല്ലതു, കാണ്മാൻ ഭംഗിയുള്ളതു, ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്ന് സ്ത്രീ കണ്ടു"( ഉല്പ 3:6 ). ഈ മരച്ചുവട്ടിൽ എത്രയോ തവണ ഇവൾ വന്നിട്ടുണ്ട്; ആ ഫലം കണ്ടിട്ടുണ്ട്; അന്നൊന്നും തോന്നാത്ത ഒരു തോന്നൽ ഇന്നുണ്ടായിരിക്കുന്നു. എന്താണ് കാരണം? ഭാര്യ, ഭർത്താവ്, ദൈവം ഇവർ തമ്മിലുള്ള ഐക്യതയ്ക്കു ഇവിടെ ഭംഗം വന്നിരിക്കുന്നു.

അപ്കോണിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളായിട്ടുള്ള നമുക്ക് ഓരോരുത്തർക്കും ഇതു ഒരു മുന്നറിയിപ്പ് ആയിരിക്കട്ടെ. ഏദനിൽ തുടങ്ങിയ സാത്താന്യ പാമ്പിന്റെ ഇഴഞ്ഞുകയറ്റവും പിന്നീട് മെലീത്ത ദ്വീപിലെ തീച്ചൂട് തട്ടിയപ്പോൾ പൗലൊസിന്റെ കൈയിൽ കടിച്ചു തൂങ്ങി എങ്കിൽ കൃപപ്രാപിച്ച ദൈവമക്കൾ അതിനെ തീയിൽ കുടഞ്ഞുകളയുന്നു. ഒന്നാമത്തെ ആദാമിനെ സാത്താൻ തോൽപ്പിച്ചു എങ്കിൽ ഒടുക്കത്തെ ആദം ആകുന്ന ക്രിസ്തു തന്റെ കാൽവറി മരണത്താൽ അവന്റെ തലയെ തകർത്തു. "സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കും."

ഐക്യതയെ തകർക്കുന്ന ഛിദ്രശക്തികളെ നാം തിരിച്ചറിയണം. "പിശാചിനോടു എതിർത്തുനില്പിൻ എന്നാൽ അവൻ നമ്മെ വിട്ടു ഓടിപ്പോകും" എന്നാണ് തിരുവെഴുത്തു നമ്മെ പ്രബോധിപ്പിക്കുന്നത്. ആധുനിക വിശ്വാസസമൂഹം ആത്മാവിൽ ഉണരട്ടെ. വേദപുസ്തകത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾക്ക് വിലകൊടുക്കാം. മോശയുടെ കരം താഴാതിരിക്കാൻ അഹരോനും ഹൂരും പർവ്വതത്തിലേക്കു പാഞ്ഞുകയറിയതുപോലെ ഐക്യതയിൽ നിന്നുകൊണ്ട് നമുക്കൊരുമിച്ച് ആത്മാവിൽ പോരാടാം.

## അപ്കോൺ വോയിസ് ഗ്രൂപ്പ് ബൈബിൾ ക്വിസ്
## ഒക്ടോബർ മാസത്തെ വിജയികൾ

അബുദാബി • അപ്കോൺ വോയ്സ് വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ ഒക്ടോബർ മാസം നടന്ന ബൈബിൾ ക്വിസിൽ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നുള്ള നൂറുകണക്കിനാളുകൾ പങ്കെടുത്തു. അവരിൽ നിന്നും എല്ലാ ചോദ്യങ്ങൾക്കും ശരിയുത്തരം അയച്ചവർ:


ഡെയ്സി സാമുവേൽ (അബുദാബി)


ഡെയ്സി തോമസ് (ഹൈദരാബാദ്)


ജെസ്സി സാം (അബുദാബി)


ജോൺ കെ പോൾ (അബുദാബി)


ജോളി സാബു (അബുദാബി)


ലിസി സാമുവേൽ (കുളനട)


ആനി റോയി (അബുദാബി)


ലിജോ ആരോക്കി (തിരുവനന്തപുരം)


സോളി ജോൺ (അബുദാബി)


വത്സാ തോമസ് (തിരുവല്ല)


വിനീത് കുമാർ (തിരുവനന്തപുരം)

അപ്കോൺ ബൈബിൾ ക്വിസിൽപങ്കെടുത്ത എല്ലാവർക്കും പ്രത്യേകിച്ച് എല്ലാ ചോദ്യങ്ങൾക്കും ശരിയുത്തരം അയച്ച വിജയികൾക്കും അപ്കോൺ വോയ്സിന്റെ അഭിനന്ദനങ്ങൾ..



CARMEL IPC
MUSSAFAH, ABU DHABI
www.carmelipc.com carmelipcabudhabi +91 9446651188
അബുദാബിയിൽ ജോലിക്കും സന്ദർശനത്തിനും വരുന്നവർക്കായി അനുഗ്രഹീതമായ ആരാധനാ സൗകര്യം

ആരാധന
എല്ലാ വ്യാഴാഴ്ചയും 7:45 PM - 10:15 PM വരെ
മുസഫ ബ്രദറൺ ചർച്ച് സെന്റർ G2 ഹാളിൽ

ഉപവാസ പ്രാർത്ഥനയും ആരാധനയും
എല്ലാ വെള്ളിയാഴ്ചയും 9:45 AM - 12:15 noon വരെ
മുസഫ ബ്രദറൺ ചർച്ച് സെന്റർ G4 ഹാളിൽ

Every 4th Friday 9:45 am to 12:00 pm ENGLISH WORSHIP & PYPA

• ഈ ആരാധനകളിൽ അനുഗ്രഹിക്കപ്പെട്ട ദൈവദാസന്മാർ ദൈവവചനം ശുശ്രൂഷിക്കുന്നു.
• പാസ്റ്റർ ജോജി ജോൺസൺ ആരാധനയ്ക്കു നേതൃത്വം കൊടുക്കുന്നു.
• പേഴ്സണൽ കൈയറും ആത്മിക മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നു.

ഈ അനുഗ്രഹീത മീറ്റിംഗുകളിലേക്ക് നിങ്ങളെ ഏവരേയും സ്വാഗതം ചെയ്യുന്നു
For more details please contact: Senior Pastor M.M. Thomas (Joy) +91 9446651188
Pr. Joji Johnson +971 503107651/ Evg. Jeswin M. Thomas +971 556995909

യാത്രാ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.



# Building a Firm Foundation



**BEJI SAJI**

**Sometimes we like to think that we are self-sufficient. When suffering comes along and destroys those foundations by rudely reminding us of our frailty- where do we turn? We then turn to the one who lives forever and the one who laid the foundations of this earth!**

We are built on foundational truth that is being relentlessly attacked. Amazingly, there are some churches today that claim - the Bible is not a dependable foundation because it does not keep up with our evolving culture. There are still others who think the Bible is outdated. In Psalm 11 verse 3 we read "If the foundations are destroyed, what can the righteous do?" One dictionary defines the word "foundation" as "the basis or groundwork for anything." How do they build skyscrapers so tall? Well, it has been said that if we build high; we must first go deep. That's true in the Christian life. If we want to reach heavenly heights, we must first go deep in the Word. The deeper we dig into, the higher we will go in our walk with God. In 1 Peter 5:9-10 we read 'Resist him, steadfast in the faith, knowing that the same sufferings are experienced by your brotherhood in the world. But may the God of all grace, who called us to His eternal glory by Christ Jesus, after you have suffered a while, perfect, establish, strengthen, and settle you." When life deals its worst in our direction, it feels like we have been blown away. But in fact, this verse tells us it is actually a time when God wants to establish us, or firm up our foundations. Let's focus on this specific word – "establish"

Matthew 7: 25 – "and the rain descended, the floods came, and the winds blew and beat on that house; and it did not fall, for it was founded on the rock'. Jesus promised us "In the world you will have tribulation" but the verse doesn't stop there, Jesus continues: "but be of good cheer, I have overcome the world" Knowing that Jesus is with us is surely one of the key factors in us having a firm foundation. Jesus in the introduction to the parable says, "Therefore whoever hears these sayings of Mine, and does them, I will liken him to a wise man who built his house on the rock". Thus, whilst establishing us is the work of God, there is something we can do to participate in that work: listen and obey to the words of Jesus. Learning to obey Jesus is surely one key to our being 'established'.

Sometimes we like to think that we are self-sufficient. When suffering comes along and destroys those foundations by rudely reminding us of our frailty- where do we turn? We then turn to the one who lives forever and the one who laid the foundations of this earth! If he can lay a foundation for a planet, surely he can be trusted to lay one in our lives. "You, Lord, in the beginning laid the foundation of the earth, And the heavens are the work of Your hands. They will perish, but You remain; And they will all grow old like a garment; Like a cloak You will fold them up, And they will be changed. But You are the same, And Your years will not fail."(Hebrews 1: 10–12)

The word 'establish' is also translated as 'grounded'. When we are suffering, knowing that God loves us gives such hope. As Paul prayed:… that according to the riches of His glory, to be strengthened with might through His Spirit in the inner man, that Christ may dwell in your hearts through faith; that you, being rooted and grounded in love, may be able to comprehend with all the saints what is the width and length and depth and height—to know the love of Christ which passes knowledge; that you may be filled with all the fullness of God. (Ephesians 3:15–19)

Colossians 1 :23 - continue in the faith, grounded and steadfast, and are not moved away from the hope of the gospel which you heard. In this verse, the word for 'establish' is stable. The best way to be stable is to be sure of our faith. Stability comes to us only if we hold firmly to the truth that mark us out as different because we are Christians.

Many of us might have gone through difficult times in the past or going through a difficult time now. God himself is the one who can restore, confirm, strengthen and establish us. Our connection with God the Father and His eternal plan, and with Jesus Christ, His Son and our Rock, needs to be so firmly established that it truly becomes the cornerstone of our foundation.



# ഇത് അന്ത്യനാളുകളോ?

പരിശ്രമങ്ങൾ ഉടൻ തന്നെ സംഘടന തുടങ്ങുകയും ചെയ്തു.ചൂട് കൂടിയാൽ ഗതാഗത സംവിധാനങ്ങളും വൈദ്യുതി ബന്ധവുമടക്കം മുഴുവൻ സംവിധാനങ്ങളും നശിക്കുമെന്നും പഠനം പറയുന്നു.

ഒരു പ്രദേശത്തിന്റെ കാലാവസ്ഥ, വൃഷ്ടി, സൂര്യപ്രകാശം, കാറ്റ്, നീരാവി, ഊഷ്മാവ് എന്നീ ഘടകങ്ങളാണ് ഒരു പ്രദേശത്തിന്റെ കാലാവസ്ഥയെ നിർണ്ണയിക്കുന്നത്. ഒരു ദിവസത്തിന്റെ ശീതോഷ്ണസ്ഥിതിയിൽ പെട്ടെന്ന് പ്രകടമായ വ്യത്യാസങ്ങൾ ദൃശ്യമാകാം. എന്നാൽ ഒരു പ്രദേശത്തിന്റെ കാലാവസ്ഥയിൽ മാറ്റങ്ങളുണ്ടാകുന്നത് ക്രമേണയായിരിക്കും. വളരെ പ്രകടമായിരിക്കുകയും ഇല്ല. ഈ ഭൂമിയുടെ മൊത്തം കാലാവസ്ഥയിൽ തന്നെ മാറ്റങ്ങൾ ഉണ്ടാകുന്നുണ്ട്. സർവ്വജീവജാലങ്ങളും അങ്ങനെയുള്ള മാറ്റങ്ങളോട് ഇണങ്ങിച്ചേരുന്നുണ്ട്. കഴിഞ്ഞ 150–200 വർഷങ്ങളിൽ അസാധാരണ വേഗതയിലാണ് കാലാവസ്ഥ വ്യതിയാനം സംഭവിക്കുന്നത്. ചില ജന്തുവർഗ്ഗങ്ങൾക്കും സസ്യവർഗ്ഗങ്ങൾക്കും ഇതുമായി യോജിക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്. ഈ പ്രകടമായ ധ്രുതഗതിയിലുള്ള കാലാവസ്ഥ വ്യതിയാനത്തിനു കാരണം മനുഷ്യന്റെ പ്രകൃതിയിലുള്ള ഇടപെടലുകളാണ്. കാലാവസ്ഥ വ്യതിയാനത്തിന് കാരണമാകുന്നതിന് പ്രകൃതി സംബന്ധമായ പല ഘടകങ്ങളുണ്ട്. ഇന്ന് നാം കാണുന്ന ഭൂഖണ്ഡങ്ങൾ നിലവിൽ വന്നത് ദശലക്ഷം വർഷങ്ങൾക്കു മുമ്പ് ഭൂഭാഗങ്ങൾ മന്ദഗതിയിൽ അടർന്നു മാറിയതു മൂലമാണ്. ഭൂഭാഗങ്ങളാൽ ആകൃതി വ്യത്യാസം സംഭവിക്കുമ്പോൾ, സമുദ്രങ്ങളിലെ പ്രവാഹവും കാറ്റിന്റെ ഗതിയും അതനുസരിച്ച് മാറുന്നു.ഇത് കാലാവസ്ഥയെയും മാറ്റുന്നു. ഭൂഖണ്ഡങ്ങളുടെ സ്ഥാനമാറ്റം വളരെ മന്ദഗതിയിലാണെങ്കിലും തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്നു. കൂടാതെ ഒരു അഗ്നിപർവ്വതം പൊട്ടിത്തെറിക്കുമ്പോൾ വൻതോതിൽ സൾഫർ ഡയോക്സൈഡ് വാതകം, ബാഷ്പം, പൊടിപടലങ്ങൾ, ചാരം തുടങ്ങിയവ അന്തരീക്ഷത്തിൽ വ്യാപിക്കുന്നു. അഗ്നിപർവ്വതം ഏതാനും ദിവസങ്ങൾക്കകം കെട്ടടങ്ങിയേക്കാം. പക്ഷെ, അത് വമിച്ച വൻതോതിലുള്ള വാതകങ്ങളും ചാരവും കാലാവസ്ഥയിൽ ഉണ്ടാക്കുന്ന മാറ്റങ്ങൾ ദൂരവ്യാപകമാകുന്നു. ഭൂമിയിൽ പതിക്കുന്ന സൂര്യരശ്മിയെ ഭാഗീകമായി തടയുന്നതിനും അങ്ങനെ ഭൂമിയിലെ വേനലിനെയും ശൈത്യത്തെയും നിയന്ത്രിക്കാൻ കഴിവുള്ളതും ആകുന്നു. ഭൂമിയുടെ ഭ്രമണപഥത്തിൽ, ലംബാവസ്ഥയിൽ നിന്നും 23.5 ഡിഗ്രി ചരിഞ്ഞ അവസ്ഥയിലാണ് ഭൂമി സ്ഥിതിചെയ്യുന്നത്. ഭൂമിയിൽ അനുഭവപ്പെടുന്ന ഋതുഭേദങ്ങളുടെ തീഷ്ണതയ്ക്കു കാരണം ഇങ്ങനെയുള്ള ചരിവാണ്. ചരിവ് കൂടിയാൽ വേനലിൽ ചൂട് കൂടുകയും ശൈത്യം കൂടുതൽ കഠിനമാവുകയും ചെയ്യും. ചരിവ് കുറഞ്ഞാൽ വിപരീതഫലമായിരിക്കും. ഭൂമിയിലെ കാലാവസ്ഥയെ നിയന്ത്രിക്കുന്ന ഒരു പ്രധാനഘടകം സമുദ്രത്തിലെ ജലപ്രവാഹങ്ങളാണ്. ഭൂമിയുടെ ഉപരിതലത്തിൽ 71% സമുദ്രത്താൽ പൊതിയപ്പെട്ടിരിക്കുന്നു. സമുദ്രങ്ങൾ സൂര്യതാപത്തെ സാധാരണ ഭൂതലത്തെക്കാൾ രണ്ട് മടങ്ങു കൂടുതൽ ആഗിരണം ചെയ്യുന്നു. ഭൂമിയിൽ ഊർജ്ജം ലഭിക്കുന്നത് സൂര്യഗോളത്തിൽ നിന്നാണ്. ഈ ഊർജ്ജം ഭൂമിയെ തപിപ്പിക്കുന്ന സൂര്യനിൽ നിന്നും ഭൂമിയിലേക്കു പ്രവഹിക്കുന്ന സൂര്യരശ്മികൾ 30% അന്തരീക്ഷത്തിൽ തന്നെ ചിതറിലയിക്കുന്നുണ്ട്. കുറെ ഊർജ്ജം സമുദ്രം ഉൾപ്പെടെയുള്ള ഭൂമിയുടെ പ്രതിഫലനത്തിന്റെ ഫലമായി വീണ്ടും അന്തരീക്ഷത്തിലെത്തുന്നു. എന്നാൽ കാർബൺ ഡൈഓക്സൈഡ്, മീതേൻ, നൈട്രൈഡ് ഓക്സൈഡ്, ബാഷ്പങ്ങൾ എന്നിവയുടെ സാന്നിദ്ധ്യം അന്തരീക്ഷത്തിൽ ഒരു വിതാനം രൂപപ്പെടുത്തി, പ്രസ്തുത ഊർജ്ജത്തെ അന്തരീക്ഷത്തിൽ തന്നെ തടഞ്ഞുനിർത്തുന്നുണ്ട്. ഈ വാതകങ്ങളെ ഗ്രീൻഹൗസ് വാതകങ്ങൾ എന്നു വിശേഷിപ്പിക്കുന്നു. ഈ പ്രവർത്തനത്തിലൂടെ ഭൂമിയിലെ താപനിലയെ നിലനിർത്തുന്നതിനാൽ ഇതിനെ ഗ്രീൻഹൗസ് എഫക്റ്റ് എന്നു പറയുന്നു.



കഴിഞ്ഞ 150–200 വർഷങ്ങളിൽ അസാധാരണ വേഗതയിലാണ് കാലാവസ്ഥ വ്യതിയാനം സംഭവിക്കുന്നത്. ചില ജന്തുവർഗ്ഗങ്ങൾക്കും സസ്യവർഗ്ഗങ്ങൾക്കും ഇതുമായി യോജിക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്. ഈ പ്രകടമായ ധ്രുതഗതിയിലുള്ള കാലാവസ്ഥ വ്യതിയാനത്തിനു കാരണം മനുഷ്യന്റെ പ്രകൃതിയിലുള്ള ഇടപെടലുകളാണ്.

ഈ അനുഭവത്തെ ആദ്യമായി സാക്ഷ്യപ്പെടുത്തിയത് ജീൻബാപാടൈസ് ഫൂറിയർ എന്ന ഫ്രഞ്ച് ശാസ്ത്രജ്ഞനാണ്. പ്രകൃതിദത്തമായ ഗ്രീൻഹൗസ് പുതപ്പ്, ഭൂമിയുടെ ആവിർഭാവം മുതൽ തന്നെ രൂപപ്പെട്ടിരുന്നു. എന്നാൽ കാലാകാലങ്ങളിലായി മനുഷ്യന്റെ പ്രകൃതിയിലുള്ള ഇടപെടലുകളുടെ ഫലമായി ഈ ആവരണത്തിന്റെ കട്ടികൂടുകയും അതിന്റെ ഫലങ്ങൾ നൽകാനുള്ള ശേഷി പ്രതികൂലമായി ബാധിക്കപ്പെടുകയും ചെയ്യുന്നുണ്ട്. കൽക്കരി, എണ്ണകൾ, പ്രകൃതിവാതകങ്ങൾ ഇവയെ ഇന്ധനങ്ങളായി ഉപയോഗിക്കുമ്പോൾ, അന്തരീക്ഷത്തിലേക്ക് കാർബൺ ഡൈ ഓക്സൈഡ് വമിക്കപ്പെടുന്നു. കാടുകൾ വെട്ടിത്തെളിക്കുമ്പോൾ, വൃക്ഷങ്ങൾ അവയിൽ ഉൾക്കൊണ്ടിരിക്കുന്ന കാർബൺ ഡൈ ഓക്സൈഡ് അന്തരീക്ഷത്തിൽ തിരിച്ചെത്തുന്നു. കാർഷിക പ്രവർത്തനങ്ങളുടെ വർദ്ധനവ്,ഭൂമിയുടെ ഉപയോഗ പദ്ധതിയിലുണ്ടാകുന്ന മാറ്റങ്ങൾ, അതുപോലെയുള്ള ഇതരപ്രവർത്തനങ്ങൾ ഇവയുടെ ഫലമായി, അന്തരീക്ഷത്തിൽ മീതൈൻ, നൈട്രസ് ഓക്സൈഡ് ഇവയുടെ വിതാനം ഉയരുന്നു. വ്യവസായിക മേഖലയാകട്ടെ ക്ലോറോഫ്ലൂറോ കാർബൺസ് തുടങ്ങിയ പല പുതിയ രാസപദാർത്ഥങ്ങളും തുറന്നുവിടുന്നുണ്ട്. വാഹനനിർമ്മാണ മേഖലയാകട്ടെ അന്തരീക്ഷത്തിലെ വർദ്ധിച്ച ഓസോൺ രൂപീകരണത്തിനു കാരണമാകുന്നു. ഇങ്ങനെ പല ഘടകങ്ങൾ ചേർന്ന് അന്തരീക്ഷത്തിലെ ഗ്രീൻഹൗസ് സാന്നിദ്ധ്യം വർദ്ധിപ്പിക്കുകയും അന്തരീക്ഷ തപനത്തിലേക്കും കാലാവസ്ഥ വ്യതിയാനത്തിലേക്കും നയിക്കുകയും ചെയ്യുന്നു.

ആമോസ് 8:13-ൽ പറയുന്നതുപോലെ അന്നാളിൽ സൗന്ദര്യമുള്ള കന്യകമാരും യൗവ്വനക്കാരും ദാഹംകൊണ്ട് ബോധംകെട്ടു വീഴും. ജലത്തിന്റെ ലഭ്യത കുറയുകയും അന്തരീക്ഷത്തിൽ സംഭവിക്കുന്ന വ്യതിയാനങ്ങളും നിമിത്തം മനുഷ്യ ജീവിതം ദുസ്സഹമായി മാറുകയും ചെയ്യുന്നത് വേദപുസ്തക പ്രവചനമാണ്.

ഐ.പി.സി. സീയോൻ സഭ
അബുദാബി, മുസഫ

THE INDIA PENTECOSTAL CHURCH OF GOD, KUMBANAD, KERALA

അബുദബിയിലോ മുസഫയിലോ ജോലിക്കോ മറ്റ് ആവശ്യങ്ങൾക്കോ വരുന്നവർക്ക്, ആത്മീയ ആരാധനയിലേക്ക് സ്വാഗതം.
വാഹന സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

OUR REGULAR SERVICE
Sunday WORSHIP
8 pm to 10 pm BCC G-3
Thursday Meeting
8 pm to 10 pm,
Friday FASTING PRAYER
12 pm to 2.30 pm BCC G-3

For more information:
Pr. P.M. Samuel (Sam Koodal) 050 5419678/ 056 2244464
Br. Moncy Varghese (Sec.) 050 8358063/ Br. Jenson Mathew (Trea) 050 8087880



## അപ്കോൺ താലന്ത് ടെസ്റ്റ് ഡിസംബർ 1 -ന്

**അബുദാബി** • അബുദാബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷൻ (APCCON) ഒരുക്കുന്ന താലന്ത് ടെസ്റ്റ് ഡിസംബർ 1-നു രാവിലെ 9 മുതൽ വൈകിട്ട് 5 മണി വരെ അബുദാബി ഇവാഞ്ചലിക്കൽ ചർച്ച് സെന്റർ മെയിൻ ഹാൾ 2-ൽ നടക്കും. ബൈബിൾ വേഴ്സ്, ക്വിസ്, സംഗീതം, പ്രസംഗം, സംഘഗാനം എന്നിവ ജൂനിയേഴ്സ്, സീനിയേഴ്സ് എന്നീ വിഭാഗങ്ങളിലായാണ് നടക്കുന്നത്.

## ഐ.പി.സി. UAE റീജിയൻ വാർഷിക കൺവൻഷൻ നവംബർ 26 മുതൽ, സംയുക്ത ആരാധന ഡിസംബർ 2-ന്

**ഷാർജ** • ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ യു.എ. ഇ. റീജിയൻ വാർഷിക കൺവൻഷൻ നവംബർ 26 മുതൽ 28 വരെ ഷാർജ യൂണിയൻ ചർച്ചിൽ നടക്കും. ഐ.പി.സി. യു.എ.ഇ. റീജിയൻ പ്രസിഡന്റ് പാസ്റ്റർ ഗർസീം പി. ജോൺ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ മോനിസ് ജോർജ് (യുഎസ്സ്എ) മുഖ്യ സന്ദേശം നൽകും. ഐ.പി.സി. ഷാർജ ക്വയർ സംഗീത ശുശ്രൂഷ നിർവഹിക്കും. റീജിയൻ സംയുക്ത ആരാധന ഡിസംബർ 2- നു ഷാർജ വർഷിപ്പ് സെന്ററിൽ നടക്കും.പാസ്റ്റർ മോനിസ് ജോർജ് മുഖ്യാഥിതി ആയിരിക്കും.റീജിയൻ അംഗത്വസഭകളിലെ കർത്തൃദാസന്മാർ വിവിധ ശുശ്രൂഷകൾക്കു നേതൃത്വം നൽകും. ഐ.പി.സി. യു.എ.ഇ. റീജിയൻ പ്രസിഡന്റ് പാസ്റ്റർ ഗർസീം പി. ജോൺ കർത്തൃമേശ ശുശ്രൂഷക്ക് നേതൃത്വം നൽകും. ഷാർജ വർഷിപ്പ് സെന്റർ ക്വയർ സംഗീതശുശ്രൂഷ നിർവഹിക്കും

## ഐ.പി.സി. യു.എ.ഇ. റീജിയൻ ഏകദിന പാസ്റ്റേഴ്സ് കോൺഫറൻസ് സമാപിച്ചു




ദുബായ് • ഐ.പി.സി. - യു.എ.ഇ. റീജിയന്റെ നേതൃത്വത്തിൽ റീജിയനിലെ പാസ്റ്റർമാർക്കും സുവിശേഷകന്മാർക്കും വേണ്ടി മാത്രമായി ഏകദിന ഫാമിലി കോൺഫറൻസ് നവംബർ 3- നു ഷാർജ വർഷിപ്പ് സെന്ററിൽ നടന്നു.

## നിത്യതയിൽ



**ചെങ്ങന്നൂർ** • കർമേൽ ഐ.പി.സി അബുദാബി അംഗമായ ബ്രദർ റോയിസിന്റെ ഭാര്യ നിഷ റോയിസിന്റെ മാതാവും മത്തിക്കാട്ടിൽ ശ്രീ. മാത്യു തോമസിന്റെ (രാജൻ) ഭാര്യയുമായ ശ്രീമതി. സൂസമ്മ തോമസ് (59) കർത്താവിൽ നിദ്രപ്രാപിച്ചു. സംസ്കാരം നവം.20 ചൊവ്വാഴ്ച. പരേത മുല്ലേലിൽ വീട്ടിൽ മുക്കത്ത് കുടുംബാംഗവും ചെങ്ങന്നൂർ ഐ.പി.സി. ഫെയ്ത്ത് സെന്റർ സഭാംഗവുമാണ്. മക്കൾ: പാസ്റ്റർ നിബു തോമസ്(ഷാർജ), നിജിൻ തോമസ് (ഷാർജ), നിഷ റോയ്സ് (അബുദാബി). ദുഃഖത്തിൽ ആയിരിക്കുന്ന പ്രിയപ്പെട്ടവർക്ക് അപ്കോൺ ചർച്ചസിന്റെയും അപ്കോൺ വോയ്സിന്റെയും ദുഃഖവും പ്രത്യാശയും നേരുന്നു.



**അബുദാബി** • ഐ.പി.സി. ഗിൽഗാൽ അബുദാബി സഭാംഗമായ സിസ്റ്റർ ബിനു ബേബി പട്ടശേരിയുടെ പിതാവ് എം.കെ. ഫിലിപ്പ് (74) നവംബർ 13-ന് കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു.സംസ്കാരശുശ്രൂഷ15-ന് വ്യാഴാഴ്ച കുളത്തൂപ്പുഴ ചർച്ച് ഓഫ് ഗോഡ് സെമിത്തേരിയിൽ നടത്തപ്പെട്ടു. ദുഃഖത്തിൽ ആയിരിക്കുന്ന പ്രിയപ്പെട്ടവർക്ക് അപ്കോൺ സഭകളുടെയും അപ്കോൺ വോയ്സിന്റെയും ദുഃഖവും പ്രത്യാശയും നേരുന്നു.



**അബുദാബി** • അബുദാബി ശാരോൻ ഫെലോഷിപ്പ് സഭാംഗവും യു.എ.ഇ റീജിയൻ ട്രഷറാറുമായ ബിജു തോമസിന്റെ പിതാവ് എബനേസർ വീട്ടിൽ എം. ഒ.തോമസ് (75) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷ നവംബർ 7 ന്, ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് ഇടക്കാട്, കടമ്പനാട് സെമിത്തേരിയിൽ നടന്നു. ഭാര്യ: അന്നമ്മ തോമസ്. മക്കൾ: മിനി ഐസക്ക്, ബിജു തോമസ്, സിനി സജു. മരുമക്കൾ: ഐസക്ക് ജോർജ്ജ്, സുനില വർഗീസ്, സജു.

## ദോഹ ഐ.പി.സി. സുവർണ ജൂബിലി ആഘോഷം ഡിസംബർ 8-ന്

**ദോഹ** • ദോഹ ഐ.പി.സി. സുവർണ ജൂബിലി ആഘോഷം ഡിസംബർ 8-നു ശനിയാഴ്ച 6:30 മുതൽ 9:30 വരെ ഐ.ഡി.ഡി.സി കോംപ്ലക്സ് ടെന്റിൽ നടക്കും. ഐ.പി.സി. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ ഉദ്ഘാടനം നിർവഹിക്കും. ദോഹ ഐ.പി.സിയുടെ മുൻ ശുശ്രൂഷകനും അബുദാബി ഗില്ഗാൽ സഭാശുശ്രൂഷകനും അപ്കോൺ വോയിസ് എഡിറ്ററുമായ പാസ്റ്റർ എം.ജെ. ഡൊമിനിക് പാസ്റ്റർ കെ.എസ്.ഫിലിപ്പ് എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നതാണ്. സിസ്റ്റർ പെർസിസ് ജോൺ ഗാനശ്രുശൂഷക്കു നേതൃത്വം നൽകും.
കൂടുതൽ വിവരങ്ങൾക്ക്: പാസ്റ്റർ ജോൺ ടി. മാത്യു ( പ്രസിഡന്റ് ) 50182233

## എ.ജി-യു.എ.ഇ റീജിയൻ മലയാളം ഫെലോഷിപ്പ് സംയുക്ത ആരാധനയ്ക്ക് അനുഗ്രഹീത സമാപ്തി

**ഷാർജ** • അസംബ്ലീസ് ഓഫ് ഗോഡ് യു.എ.ഇ. റീജിയൻ മലയാളം ഫെലോഷിപ്പ് സംയുക്ത ആരാധന നവംബർ 16-ന് വെള്ളിയാഴ്ച യൂണിയൻ ചർച്ച് മെയിൻ ഹാളിൽ നടന്നു. റീജിയൻ പ്രസിഡന്റ് പാസ്റ്റർ ഗീവർഗീസ് ജോൺ അധ്യക്ഷത വഹിച്ചു. പാസ്റ്റർ ബ്ലെസൺ ചെറിയാൻ സങ്കീർത്തനത്തിൽ നിന്നും ശുശ്രൂഷിച്ചു. പാസ്റ്റർ തോമസ് ഫിലിപ്പ് മുഖ്യ പ്രഭാഷണം നടത്തി. റീജിയണിലെ വിവിധ സഭകളിലെ ദൈവദാസന്മാരെയും ദൈവമക്കളെയും കൂടാതെ യു.എ.ഇ.യുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ധാരാളം വിശ്വാസികളും സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചു. സെക്രട്ടറി ടോം ജോർജ്, ട്രഷറർ തോമസ് മാത്യു, മിഷൻ കോർഡിനേറ്റർ ജോൺ ജോർജ് എന്നിവർ നേതൃത്വം നൽകി.

## ചർച്ച് ഓഫ് ഗോഡ് യു.എ.ഇ സംയുക്ത ആരാധന ഡിസംബർ 2ന്

**അബുദാബി** • ചർച്ച് ഓഫ് ഗോഡ് യു.എ.ഇ സംയുക്ത ആരാധന ഡിസംബർ 2-ന് രാവിലെ 9:30 മുതൽ 1:30 വരെ സെന്റ് ആൻഡ്രൂസ് ചർച്ചിൽ നടക്കും. യു.എ.ഇ.യിലെ ചർച്ച് ഓഫ് ഗോഡിന്റെ 30 സഭകളിൽ നിന്നുള്ള വിശ്വാസികൾ പങ്കെടുക്കും. നാഷണൽ ഓവർസിയർ ഡോ.കെ.ഒ.മാത്യു, നാഷണൽ സെക്രട്ടറി പാസ്റ്റർ ജോസ് മല്ലിശ്ശേരി എന്നിവർ നേതൃത്വം നൽകും.

## ബൈബിൾ ക്ലാസ്

**അബുദാബി** • ബെഥേൽ ചർച്ച് ഓഫ് ഗോഡ് അബുദാബിയുടെ നേതൃത്വത്തിൽ 2 ദിവസത്തെ ബൈബിൾ ക്ലാസ് ഡിസംബർ 4, 5 തീയതികളിൽ സെന്റ് ആൻഡ്രൂസ് ചർച്ച് സെന്റർ ചാപ്പലിലും കഫറ്റീരിയ ഹാളിലും ആയി രാത്രി 7.45 മുതൽ 10 വരെ നടക്കുന്നതാണ്. വിശ്വാസിയും കുടുംബജീവിതവും എന്ന വിഷയത്തെ ആസ്പദമാക്കി ഐ.പി.സി. മഹാരാഷ്ട്ര പ്രസിഡന്റ് പാസ്റ്റർ പി. ജോയി ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക്: പാസ്റ്റർ ബെന്നി പി ജോൺ 0507900633, പാസ്റ്റർ ജോർജ് രാജൻ 050546736

## ശാരോൻ ഫെല്ലോഷിപ്പ് റീജിയൻ സംയുക്ത ആരാധന

ദുബായ് • ശാരോൻ ഫെല്ലോഷിപ്പ് യുഎഇ റീജിയൻ സംയുക്ത ആരാധനയും സമ്മേളനവും നവം.23-ന് വെള്ളിയാഴ്ച രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 മണി വരെ റാസൽഖൈമ ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ റാസൽഖൈമ, ജസ്സീറ ചർച്ച് കോമ്പൗണ്ട്, സെന്റ് ആന്റണി ഓഫ് പദ്വവ ചർച്ച് ബെയ്സ്മെന്റ് ഹാളിൽ നടക്കും. മിനിസ്റ്റേഴ്സ് കൗൺസിൽ, ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് ജനറൽ സെക്രട്ടറി ഡോ. ഫിന്നി ജേക്കബ് മുഖ്യസന്ദേശം നൽകും.

## ഓർഡിനേഷൻ

**അബുദാബി** • ബെഥേൽ ചർച്ച് ഓഫ് ഗോഡിലെ ഇവാ. അബു റ്റി. തോമസിന് 2018 ഡിസംബർ 2-ന് പാസ്റ്റർ ഓർഡിനേഷൻ നൽകും. ഇവാഞ്ചലിക്കൽ ചർച്ച് സെന്ററിൽ വൈകിട്ട് 7.30-ന് പാസ്റ്റർമാരായ ബെന്നി പി. ജോൺ, ജോർജ്ജ് രാജൻ എന്നിവരുടെ നേതൃത്വത്തിൽ ഐ.പി.സി. മഹാരാഷ്ട്ര സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ പി.ജോയി നിർവഹിക്കും.



**അബുദാബി** • ഐ.പി.സി. ഹെബ്രോൻ മുസഫ സഭയുടെ ശുശ്രൂഷകനായ ഇവാ. എബി എം. വർഗ്ഗീസിന് നവംബർ 17-ന് പാസ്റ്ററൽ ഓർഡിനേഷൻ നൽകി. മാജിക് ഷെഫ് റെസ്റ്റോറന്റ് പാർട്ടി ഹാളിൽ വൈകിട്ട് 8-10 വരെ നടന്ന യോഗത്തിൽ ഐ.പി.സി. യു.എ.ഇ. റീജിയൻ പ്രസിഡന്റ് പാസ്റ്റർ ഗെർസീം പി. ജോൺ ശുശ്രൂഷകർക്കു നേതൃത്വം നൽകി.


NAJM TOURS
+971 555 252 251
+971 562 525 221
UAE VISA
BEST RATE
OFFER
30 DAYS
320 AED
90 DAYS
750 AED
UAE VISA CHANGE
1450 AED
From Dubai
ginu@najmtours.com | ginuektr@gmail.com
www.najmtours.com
P.O Box:96727 Near Mubarak center Sharjah | UAE
UAE's Innovative Tourism Service Provider




# DOHA INDIAN PENTECOSTAL CHURCH OF GOD

THE INDIA PENTECOSTAL CHURCH OF GOD · DOHA IPC - QATAR

1968 - 2018 50th ANNIVERSARY · Doha IPC · In His faith and fellowship

## 50th Anniversary
## THANKS GIVING SERVICE

A Living Testimony of God's Faithfulness & Abundant Grace

INAUGURATION BY



**PR. JACOB JOHN**
IPC General President

08th DECEMBER 2018
SATURDAY
TIME : 6.30 PM - 9.30PM

VENUE: IDCC COMPLEX TENT

**Preachers:**
Pr. K.S. PHILIP, KUMBANAD
Pr. M.J. DOMINIC, ABU DHABI

PRAISE & Worship



Sis. PERSIS JOHN & DOHA IPC CHOIR

DECEMBER 5 6
മുൻകാല ശുശ്രൂഷകന്മാരും വിശ്വാസികളും ഒരുമിക്കുന്ന പ്രത്യേക മീറ്റിംഗ്
Time : 7.00 PM -9.15 PM @ DOHA IPC CHURCH

ആത്മീയ കൂട്ടായ്മയുടെയും സന്തോഷത്തിന്റെയും അരനൂറ്റാണ്ട്...
സുവിശേഷത്തിന്റെ ദീപശിഖയുമായി അമ്പതു വർഷം...
സുവിശേഷ സേവന പ്രവർത്തനങ്ങളിൽ പുത്തൻ ചുവടുവെയ്പ്പുകളിലേക്ക്...

For more information:
Pr. John T. Mathew (President) Mob: 50182233
Bro. A Thomas Sam (General Convener) Mob: 55812981
Bro. Pramod P. George (Secretary) Mob: 55258088
Br. Mathew P . Mathai (Publicity Convener) Mob: 55844316



# IPC UAE REGION

## Annual Convention 2018

IPC UAE REGION COMBINED WORSHIP
2018 DEC. 2
9.00 AM TO 1.00 PM
SHARJAH WORSHIP CENTRE

NOV. 26 27 28
MON TUE WED
7.30 PM TO 10.00 PM
UNION CHURCH SHARJAH
CHOIR: IPC SHARJAH

GUEST SPEAKER:
PR. MONIS GEORGE (USA)



MORE DETAILS:
PRESIDENT: Pr. Gerzim P. John, 050 455 9546
SECRETARY: Pr. Alex Abraham, 050 656 9380
PUBLICITY CONVENERS Pr. Shynoj Ninan, 050 200 1869, Evg. Salmon P. Thomas, 055 954 2272


Strictly for Private Circulation Only



Printed & Published by Apccon Voice Chief Editor Johnsy Kadammanitta 055 8223774,
Owned by Apccon : Pr. Benny P. John 050 7900633 (President), Pr. Jacob Samuel 050 3332358 (Vice President),
Sam Zachariah Eapen 050 5211628 (Secretary). Email : apcconvoice@gmail.com, www.apccon.com